**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1276 — 20.01.2014 -ൽ മറുപടി നൽകേണ്ടത്

**ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ കൈവശമുള്ള സർക്കാർ ഭൂമി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഹാരിസൺ മലയാളം പ്ലാന്റേഷൻസിന്റെ കൈവശമുള്ള സർക്കാർ ഭൂമി സംബന്ധിച്ച് ഏറ്റവും ഒടുവിലുണ്ടായ ഹൈക്കോടതി വിധിയിലെ പ്രസക്തമായ തീർപ്പുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) M/s HML - നെതിരെ സർക്കാർ ഫയൽ ചെയ്ത OP(C)3508/11- ാം നമ്പർ കേസിൽ സർക്കാർ ഉന്നയിച്ച ഭരണഘടനയിലെ 227,228 മുതലായ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നടത്തിയ വാദഗതികൾ അംഗീകരിക്കുകയുണ്ടായില്ല. എന്നാൽ ടി വിധിന്യായത്തിന് മുമ്പ് തന്നെ, ഡബ്ലിയു.പി.(സി)-14252/2012, 213/2013 എന്നീ കേസുകളിൽ ഇതേ ഡിവിഷൻ ബഞ്ച് 28.02.2013- ൽ പുറപ്പെടുവിച്ച ഉത്തരവിൽ കേരള ഭൂസംരക്ഷണ നിയമം പ്രകാരം സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിന് മുന്നിൽ യാതൊരു വിധ നിയമതടസ്സവും ഇല്ല എന്ന് വ്യക്തമാക്കിയിരുന്നു. |
| (ബി) വിവാദഭൂമി ഏറ്റെടുക്കാൻ അനുമതി നല്കുന്ന വിധി ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ; | (ബി) WP(C) നം. 14251/2012- ലെ 28.02.2013- ലെ വിധി ന്യായ പ്രകാരം കേരള ഭൂസംരക്ഷണ നിയമത്തിലെ വകുപ്പുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

| | |
|---|---|
| (സി) ഇക്കാര്യത്തിൽ തുടർനടപടി സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ ; | (സി) കേരള ഭൂസംരക്ഷണ നിയമപ്രകാരം M/s HML കൈവശം വയ്ക്കുന്നതും, കൈമാറ്റം ചെയ്തതുമായ മുഴുവൻ സർക്കാർ ഭൂമിയും ഏറ്റെടുക്കുന്നതിനുള്ള നടപടി സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ, ശ്രീ. എം.ജി. രാജമാണിക്യം, ഐ.എ.എസ്-ന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) സർക്കാർ പാട്ടത്തിനു നല്കിയിട്ടുള്ള ഭൂമികളെ സംബന്ധിച്ച വിവരങ്ങളെല്ലാം ഡിജിറ്റലൈസ് ചെയ്യുന്നതിനും പാട്ടക്കാലാവധി കഴിഞ്ഞതെല്ലാം നിയമാനുസൃത നടപടി സ്വീകരിച്ച് തിരിച്ചെടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ